# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് ഇരുപത്തഞ്ച്

## ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയുന്ന അവിശ്വാസമുള്ള ദുഷ്ടഹൃദയവും ദൈവത്തിന്റെ ജീവനുള്ള വചനവും മനുഷ്യന്റെ ഭാഗങ്ങളും

### Sat — ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയുന്ന അവിശ്വാസമുള്ള ദുഷ്ടഹൃദയം

ഈ ദൂതിൽ മൂന്നു കാര്യങ്ങളെക്കുറിച്ചു നാം നോക്കുന്നു: ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയുന്ന അവിശ്വാസമുള്ള ദുഷ്ടഹൃദയവും, ദൈവത്തിന്റെ ജീവനുള്ള വചനവും, മനുഷ്യന്റെ ഭാഗങ്ങളും. എബ്രായർ 3:12 പറയുന്നു, "സഹോദരന്മാരേ, ജീവനുള്ള ദൈവത്തിൽ നിന്ന് പിൻവാങ്ങുന്ന അവിശ്വാസത്തിന്റെ ദുഷ്ടഹൃദയം ഒരുപക്ഷേ നിങ്ങളിൽ ആരിലും ഉണ്ടാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ." അവിശ്വാസമുള്ള ഹൃദയത്തെക്കാൾ ദുഷ്ടതയേറിയ ഒരു ഹൃദയവും ഇല്ല. നമ്മുടെ അവിശ്വാസത്തോളം യാതൊന്നും തന്നെ ദൈവത്തെ നീരസപ്പെടുത്തുന്നില്ല. ദാവീദ് ഭയാനകമായ ഒരു പാപം ചെയ്തു, ഒരാളെ കൊന്ന് അവന്റെ ഭാര്യയെ എടുത്തു. ഭരണപരമായി പറഞ്ഞാൽ, ഈ പാപം അത്ര ഗുരുതരമായിരുന്നില്ല, കാരണം ഇത് ദൈവം ദാവീദിനെ ഉപേക്ഷിക്കുവാൻ തക്കവണ്ണം കാരണമായില്ല. എന്നാൽ മരുഭൂമിയിൽവച്ചുള്ള യിസ്രായേൽമക്കളുടെ അവിശ്വാസം ദൈവം അവരെ ഉപേക്ഷിക്കുവാൻ തക്കവണ്ണം കാരണമായിത്തീർന്നു. അവിശ്വാസം ദൈവത്തെത്തന്നെ അപമാനിക്കുകയും നീരസപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ പാപവും ദൈവത്തിന്റെ നീതിയുള്ള പ്രമാണത്തെ ലംഘിക്കുന്നു, എന്നാൽ അവിശ്വാസമെന്ന പാപം ദൈവത്തെ അപമാനിക്കുന്നതുപോലെ, ചില പാപങ്ങൾ അപമാനിക്കുന്നില്ല.

### I. ജീവനുള്ള ദൈവം

നമ്മുടെ ദൈവം ജീവനുള്ള ദൈവമാണ്. അവിശ്വാസം

തിന്മയേറിയതാണ്, കാരണം അത് ജീവനുള്ളവനും വിശ്വസ്തനും സർവശക്തനുമായ ദൈവത്തെ അപമാനിക്കുന്നു. നാം ദൈവത്തിലും അവന്റെ വേലയിലും അവന്റെ വഴികളിലും വിശ്വസിക്കുന്നില്ലെങ്കിൽ നാം അവനെ അപമാനിക്കുന്നു. അതുകൊണ്ടാണ് നാം അവിശ്വാസത്തെ സൂക്ഷിക്കേണ്ടത്. വാക്യം 10 പറയുന്നു, "അതുകൊണ്ട് ഈ തലമുറയോട് എനിക്ക് നീരസമുണ്ടായി, ഞാൻ പറഞ്ഞു, അവർ എപ്പോഴും തങ്ങളുടെ ഹൃദയത്തിൽ വഴിതെറ്റിപ്പോകുന്നു, എന്റെ വഴികളെ അവർ അറിഞ്ഞിട്ടില്ല." ദൈവത്തിന്റെ വഴികൾ അവന്റെ പ്രവൃത്തികളിൽ നിന്ന് വ്യത്യസ്തമാണ്. അവന്റെ പ്രവൃത്തികൾ അവന്റെ പ്രവർത്തനങ്ങളാണ്; അവന്റെ വഴികൾ അവൻ പ്രവർത്തിക്കുന്ന തത്ത്വങ്ങളാണ്. യിസ്രായേൽമക്കൾ അവന്റെ പ്രവൃത്തികൾ മാത്രമേ അറിഞ്ഞിരുന്നുള്ളൂ, എന്നാൽ മോശെക്ക് അവന്റെ വഴികൾ അറിയാമായിരുന്നു (സങ്കീ. 103:7). മരുഭൂമിയിൽവച്ച് യിസ്രായേൽമക്കൾ മിക്കവാറും എല്ലാ പ്രഭാതത്തിലും ഒരു അത്ഭുതം കണ്ടു—മന്ന. ഇന്ന് അങ്ങനെ ഒരു അത്ഭുതം സംഭവിക്കുകയാണെങ്കിൽ, അത് ലോകമെമ്പാടുമുള്ള പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടും. യിസ്രായേൽമക്കൾ അങ്ങനെയുള്ള ഒരു അത്ഭുതത്തിന് സാക്ഷ്യം വഹിച്ചെങ്കിലും, മോശെയിൽനിന്നു വ്യത്യസ്തമായി അവർ ദൈവത്തിന്റെ പ്രവൃത്തികൾ മാത്രമേ കണ്ടുള്ളൂ; ദൈവത്തിന്റെ വിശ്വസ്തവും ദിവ്യവുമായ വഴികൾ അവർ അറിഞ്ഞില്ല. നാം യിസ്രായേൽമക്കളെപ്പോലെ ആകരുത്; നമ്മുടെ ദൈവത്തിന്റെ വഴികളും തത്ത്വങ്ങളും നാം അറിയണം. യിസ്രായേൽമക്കൾക്ക് ഭക്ഷണവും വെള്ളവും ഇല്ലാതിരുന്നപ്പോൾ അവർ പരാതി പറയുകയും പിറുപിറുക്കുകയും ചെയ്തു. ദൈവം അവർക്കുവേണ്ടി പ്രവർത്തിച്ചപ്പോൾ, അവർ താൽക്കാലികമായി സന്തുഷ്ടരായിരുന്നു, എന്നാൽ അധികം താമസിയാതെ അവർ വീണ്ടും ദൈവത്തെ നീരസപ്പെടുത്തി. നമ്മെത്തന്നെ നാം നോക്കുന്നുവെങ്കിൽ, നാം അവരെ വിമർശിക്കുകയില്ല, കാരണം നാം അതുപോലെയാണെന്നു നാം കാണും. "കർത്താവിന് സ്തോത്രം" എന്ന് ഒരു രാത്രി യോഗത്തിൽ വച്ച് നാം ആർക്കുകയും അടുത്ത പ്രഭാതത്തിൽ കർത്താവിനെതിരെ പിറുപിറുക്കുകയും ചെയ്തേക്കും. നാം ദൈവത്തിന്റെ വഴികൾ എത്രമാത്രം അറിയേണ്ടിയിരിക്കുന്നു! നമ്മുടെ ദൈവം ജീവനുള്ളവനും, കാര്യങ്ങൾ ചെയ്യുന്നതിൽ തന്റേതായ തത്ത്വങ്ങളുള്ളവനുമാണ്. അവൻ ഒരിക്കലും അവനെത്തന്നെ നിഷേധിക്കുകയില്ല. അവൻ പ്രാപ്തനും സർവശക്തനും വിശ്വസ്തനും ആയിരുന്നുകൊണ്ട്, എപ്പോഴും തന്റെ വാഗ്ദത്തങ്ങൾ പാലിക്കുകയും തന്റെ വചനം നിറവേറ്റുകയും ചെയ്യുന്നു.

## II. ദുഷ്ടഹൃദയം

ദൈവം ജീവനുള്ളവനും വിശ്വസ്തനുമാണെങ്കിലും, ദുഷ്ടഹൃദയം അവനെതിരെ കഠിനപ്പെട്ടിരിക്കുന്നു (3:8). ഒരർഥത്തിൽ, ദുഷ്ടഹൃദയം വളരെ വാദിക്കുന്നതാണ്; അത് വളരെയധികം ന്യായവാദം ചെയ്യുന്നു. എങ്കിലും, മറ്റൊരർഥത്തിൽ, അത് കഠിനപ്പെട്ടിരിക്കുന്നതുകൊണ്ട് ശാഠ്യമുള്ളതും വാദമില്ലാത്തതുമാണ്. തന്മൂലം, അത് ശരിയായ പാതയിൽനിന്നു പുറപ്പെട്ട് ദൈവത്തിന്റെ വഴികളോ തത്ത്വങ്ങളോ അറിയാതെ വഴിതെറ്റിപ്പോകുന്നു. അതു ദൈവത്തെ പരീക്ഷിച്ചുകൊണ്ട് ശോധന ചെയ്യുന്നു (3:9). ഒടുവിൽ, അങ്ങനെയുള്ളൊരു ഹൃദയം സ്വയം വഞ്ചിക്കുന്നതും വഞ്ചിക്കപ്പെട്ടിരിക്കുന്നതുമാണ് (3:13). ഇതാണ് ഒരു ദുഷ്ടഹൃദയത്തിന്റെ അവസ്ഥ. ഇങ്ങനെയുള്ള ഒരു ദുഷ്ടഹൃദയം എപ്പോഴും കഠിനപ്പെടുന്നതിൽനിന്നാണ് ഉൽഭവിക്കുന്നത്. നമ്മുടെ ഹൃദയം കഠിനപ്പെട്ടിരിക്കുന്നത് എത്ര അപകടകരമാണ്! കർത്താവ് നമ്മുടെ ഹൃദയത്തെ മൃദുലമാക്കേണ്ടതിന് നാം വീണ്ടും വീണ്ടും പ്രാർഥിക്കണം, "കർത്താവേ, എന്നോടു കരുണയുണ്ടാകേണമേ. എന്റെ ഹൃദയത്തെ മൃദുലമാക്കേണമേ, അതു കഠിനമാകുവാൻ അനുവദിക്കരുതേ."

## III. അവിശ്വാസം

ദുഷ്ടഹൃദയം അവിശ്വാസത്തെ ഉളവാക്കുന്നു. അവിശ്വാസം ദൈവത്തിന്റെ തത്ത്വമനുസരിച്ചല്ല, സ്വാഭാവിക ധാരണയ്ക്കനുസരിച്ച് വാദിക്കുന്നു. സംഖ്യാപുസ്തകം 13:31-33-ൽ യിസ്രായേൽമക്കളുടെ ന്യായവാദം നോക്കുക. അവരുടെ ന്യായവാദങ്ങളിൽ ചില നുണകൾ ഉൾപ്പെട്ടിരുന്നു, കാരണം അവർ പറഞ്ഞു, "ഞങ്ങൾ സഞ്ചരിച്ച് ഒറ്റുനോക്കിയ ദേശം അതിലെ നിവാസികളെ തിന്നുകളയുന്ന ദേശമാകുന്നു." അതൊരു നുണയായിരുന്നു. യോശുവയും കാലേബും പറഞ്ഞു, "യഹോവയോടു നിങ്ങൾ മത്സരിക്കമാത്രം അരുത്; ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുത്; അവർ നമുക്ക് ഇരയാകുന്നു; അവരുടെ ശരണം അവരിൽനിന്നു പൊയ്പ്പോയിരിക്കുന്നു; നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ട് അവരെ ഭയപ്പെടരുത്" (സംഖ്യ. 14:9). യോശുവയും കാലേബും സത്യം സംസാരിച്ചു. എന്നാൽ, യിസ്രായേൽമക്കൾ സത്യമനുസരിച്ചല്ല, ദൈവത്തിന്റെ വഴികളെ കണക്കാക്കാതെ നുണപ്രകാരമത്രേ ന്യായവാദം ചെയ്തത്. ആരംഭത്തിൽ, യിസ്രായേല്യരെ നല്ലദേശത്തിലേക്കു കൊണ്ടുവരുമെന്ന് ദൈവം മോശെയോട് വാഗ്ദത്തം ചെയ്തിരുന്നു. ആ ഒരു വാക്ക് അവർക്ക് മതിയായിരുന്നു. ഒരു കോടീശ്വരൻ നിങ്ങൾക്ക് 10,000 ഡോളറിന്റെ ഒരു ചെക്ക് ഒപ്പിട്ട് തരുന്നുവെന്നു സങ്കല്പിക്കുക. നിങ്ങൾ അതു വിശ്വസിച്ചില്ലെങ്കിൽ,

അത് ആ കോടീശ്വരനെ അപമാനിക്കുന്നതായിരിക്കും. നിങ്ങൾ ഇങ്ങനെ പറയരുത്, "എനിക്ക് 10,000 ഡോളർ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഒരു ജോടി ചെരുപ്പു വാങ്ങാനുള്ള പണംപോലും എന്റെ പക്കലില്ല." ഇത്തരത്തിലുള്ള ന്യായവാദം കോടീശ്വരന് ഒരു അപമാനമാണ്. ദൈവം മോശെയോടു പറഞ്ഞു, "നീ ചെന്ന് യിസ്രായേൽമൂപ്പന്മാരെ കൂട്ടി അവരോട്: അബ്രാഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായി, നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എനിക്കു പ്രത്യക്ഷനായി കല്പിച്ചത്: ഞാൻ നിങ്ങളെയും മിസ്രയീമിൽ അവർ നിങ്ങളോടു ചെയ്യുന്നതിനെയും സന്ദർശിക്കുന്നു. മിസ്രയീമിലെ കഷ്ടതയിൽനിന്നു കനാന്യർ, ഹിത്യർ, അമോര്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക് നിങ്ങളെ കൊണ്ടുപോകുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പറക" (പുറ. 3:16-17). ഈ ഒരു വാക്ക് ഒരു കോടീശ്വരൻ ഒപ്പിട്ട ചെക്കിനേക്കാൾ കൂടുതൽ വിശ്വസനീയ മായിരുന്നു. യിസ്രായേൽമക്കൾ ഈ വചനം വിശ്വസിക്കുകയും ദൈവത്തിന്റെ വഴികൾ അറിയുകയും ചെയ്തിട്ട്, "ദൈവമേ, നീ ഞങ്ങളെ ഇവിടെ മരുഭൂമിയിൽ മരിക്കുവാൻ വിടരുത്. നീ ഇതു ചെയ്യുന്നുവെങ്കിൽ, നിന്റെ വചനം എങ്ങനെ നിലനിൽക്കും? നല്ലദേശത്ത് എത്ര മല്ലന്മാർ ഉണ്ടെന്നോ, നല്ലദേശം ദുരാത്മാ ക്കളെക്കൊണ്ട് നിറഞ്ഞതാണെന്നോ ഞങ്ങൾ ശ്രദ്ധിക്കുന്നില്ല. നീ ഞങ്ങളെ ദേശത്തേക്കു കൊണ്ടുവരുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നതുകൊണ്ട് ഞങ്ങൾ അവരെ തിന്നുകളയും" എന്ന് പറയണമായിരുന്നു. ഇത് ദൈവത്തിന്റെ വഴികളും തത്ത്വങ്ങളും വിശ്വസ്തതയും ശക്തിയും അനുസരിച്ചുള്ള ശരിയായ ന്യായവാദമാണ്. എന്നാൽ യിസ്രായേല്യർ ഈ രീതിയിൽ ന്യായവാദം ചെയ്തില്ല. പകരം, യിസ്രായേല്യർ പറഞ്ഞു, "അവിടെ ദേശത്തിൽ മല്ലന്മാരുണ്ട്, ഞങ്ങൾ അവരുടെ കാഴ്ചയിൽ വെട്ടു ക്കിളികളെപ്പോലെയാണ്. അവർ ഞങ്ങളെ തിന്നുകളയും." ഇത് അവിശ്വാസത്തിന്റെ യുക്തി, ദൈവത്തിന്റെ വഴികളെ കണക്കാക്കുകയോ ദൈവത്തിന്റെ വിശ്വസ്തതയിൽ ആശ്രയിക്കുകയോ ചെയ്യാത്ത സ്വാഭാവിക ധാരണയനുസരിച്ചുള്ള ന്യായവാദത്തിന്റെ യുക്തിയാണ്. യോശുവയും കാലേബും ഇത്തരത്തിലുള്ള ന്യായവാദത്തിനെതിരെ നിലകൊള്ളുകയും, ദേശത്തെ കൈവശമാക്കുവാൻ ജനം പ്രാപ്തരാണെന്നു പ്രഖ്യാപിക്കുകയും ചെയ്തു. യോശുവയും കാലേബും ദൈവത്തെ ബഹുമാനിക്കുകയും, ദൈവത്തെ ബഹുമാനിച്ചതിന് ദൈവം അവരെ മാനിക്കുകയും ചെയ്തു. നമ്മുടെ വിശ്വാസത്തെക്കാൾ ഒന്നുംതന്നെ ദൈവത്തെ മാനിക്കുന്നില്ല, നമ്മുടെ അവിശ്വാസത്തെക്കാൾ ഒന്നുംതന്നെ ദൈവത്തെ അവഹേളിക്കുകയും അപമാനിക്കുകയും ചെയ്യുന്നില്ല.

അവിശ്വാസം അനുസരണക്കേടിലും ധാർഷ്ട്യത്തിലും മത്സരത്തിലും കലാശിക്കുകയും (3:18), ദൈവത്തെ പ്രകോപിപ്പിക്കുകയും ചെയ്യുന്നു (3:8, 16). അവരുടെ അവിശ്വാസം നിമിത്തം യിസ്രായേല്യർ ജീവനുള്ള ദൈവത്തിൽനിന്നും പിൻവാങ്ങി. 3:12-ൽ "പിൻവാങ്ങി" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവനപദത്തെ പിന്തിരിയുക, ത്യജിച്ചുകളയുക, പുറപ്പെട്ടുപോകുക, അകന്നു നിൽക്കുക എന്നും വിവർത്തനം ചെയ്യാം. ദൈവം ജീവനുള്ളവനും വിശ്വസ്തനുമാണെങ്കിലും അവിശ്വാസം നമ്മെ അവനിൽനിന്നും പിന്തിരിയുമാറാക്കുന്നു. ഒരിക്കൽ നാം പിന്തിരിഞ്ഞാൽ, പിന്നെ നമുക്കുവേണ്ടി അവന് എന്തു ചെയ്യുവാൻ കഴിയും? അവരുടെ അവിശ്വാസം നിമിത്തം യിസ്രായേല്യർ വിശ്രമം നഷ്ടപ്പെടുത്തുകയും മരുഭൂമിയിൽ വീണുപോകുകയും ചെയ്തു (3:18-19). അവർ അവന്റെ വിശ്രമത്തിലേക്കു പ്രവേശിക്കുകയില്ലെന്ന് കർത്താവു സത്യം ചെയ്യുകയും, അവരുടെ "ശവങ്ങൾ മരുഭൂമിയിൽ വീണുപോകുകയും ചെയ്തു" (3:17). അവിശ്വാസമുള്ള ദുഷ്ടഹൃദയം എത്ര ഗുരുതരമാണ്! തനിക്കെതിരെയോ തന്റെ തത്ത്വങ്ങൾക്കെതിരെയോ തനിക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല എന്നതുകൊണ്ട്, യിസ്രായേല്യർക്കുവേണ്ടി യാതൊന്നും ചെയ്യാതിരിക്കുവാൻ ദൈവം നിർബന്ധിതനായി. നിങ്ങൾക്കുവേണ്ടി ഒന്നും ചെയ്യുവാൻ കഴിയാത്ത അളവോളം ദൈവത്തെ ഒരിക്കലും നീരസപ്പെടുത്തരുത്. അതു ഭയാനകമാണ്.

## IV. ഇന്നായിരിക്കുമ്പോൾ

ഒരു നിശ്ചിത കാലത്തിനു ശേഷം ദൈവത്താൽ പ്രചോദിതനായി സങ്കീർത്തനക്കാരൻ ഇങ്ങനെ പ്രവചിച്ചു, "അവൻ നമ്മുടെ ദൈവമാകുന്നു; നാമോ അവൻ മേയിക്കുന്ന ജനവും അവന്റെ കൈക്കലെ ആടുകളും തന്നേ. ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നു എങ്കിൽ, മെരീബയിലെപ്പോലെയും മരുഭൂമിയിൽ മസ്സാനാളിനെപ്പോലെയും നിങ്ങളുടെ ഹൃദയത്തെ കഠിനമാക്കരുത്" (സങ്കീ. 95:7-8). എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ പൂർണമായും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിലായിരിക്കുകയും, സങ്കീർത്തനം 95-ൽ എഴുതിയിരുന്നത് മനസ്സിലാക്കുകയും ചെയ്തിരുന്നു. "ഇന്ന്" എന്ന ചെറിയ പദം ആകാശത്തിന്റെ വിശാലമായ ജനാലയെ തുറക്കുന്നു. മരുഭൂമിയിൽ ഉണ്ടായ പ്രകോപനം നിമിത്തം, സ്വർഗത്തിലെ അനുഗ്രഹത്തിന്റെ ജനാല അടയ്ക്കപ്പെട്ടിരുന്നു. യിസ്രായേൽമക്കൾക്കുവേണ്ടി ദൈവം യാതൊന്നും ചെയ്യുവാൻ കഴിയാതവണ്ണം അവർ ദൈവത്തെ പ്രകോപിപ്പിച്ചിരുന്നു. വളരെ കാത്തിരുന്നശേഷം, തന്റെ ജനത്തോടു തന്റെ ശബ്ദം കേൾക്കുവാനും അവരുടെ ഹൃദയങ്ങളെ കഠിനമാക്കരുതെന്നു പറഞ്ഞുകൊണ്ടും, സ്വർഗീയ ജനാല വീണ്ടും

തുറക്കപ്പെടുന്ന ആ ദിവസത്തെക്കുറിച്ചു പ്രവചിച്ചുകൊണ്ടും സങ്കീർത്തനക്കാരനിലൂടെ പ്രവചിക്കുവാനും ഉപദേശിക്കുവാനുമായി തന്റെ കരുണയിൽ അവൻ വന്നു. സഭ നിലവിൽ വന്നപ്പോൾ ആ ദിവസം എത്തിച്ചേർന്നു. അവരുടെ ഹൃദയകാഠിന്യം നിമിത്തം തടഞ്ഞുവച്ചിരുന്ന ശബ്ബത്തിന്റെ അനുഗ്രഹം സഭ നിലവിൽ വന്ന ദിവസം വീണ്ടും തുറക്കപ്പെട്ടു. എബ്രായർ 4:7 പറയുന്നു, "ഇന്ന്, നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്" എന്ന് മുമ്പ് പറഞ്ഞിരുന്നതുപോലെ, വളരെ കാലത്തിനുശേഷം ദാവീദിൽ പറഞ്ഞുകൊണ്ട്, ഇന്ന്, എന്നൊരു ദിവസം അവൻ വീണ്ടും നിയമിക്കുന്നു." ഇതെഴുതിയത് തങ്ങളുടെ ഹൃദയത്തെ കഠിനമാക്കിയതിലൂടെ മരുഭൂമിയിൽ ദൈവത്തെ പ്രകോപിപ്പിച്ചവരുടെ പിൻതുടർച്ചക്കാരായ എബ്രായ വിശ്വാസികൾക്കാണ്. എഴുത്തുകാരൻ അവരോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "സഹോദരന്മാരേ, നിങ്ങളുടെ പിതാക്കന്മാർ ചെയ്തതുപോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്. നാം ജീവിക്കുന്നത് മറ്റൊരു ദിവസത്തിലാണ്, സങ്കീർത്തനം 95-ൽ 'ഇന്ന്' എന്ന് വിളിച്ചിരിക്കുന്ന ദിവസത്തിലാണ്. നിങ്ങളുടെ ഹൃദയത്തെ മൃദുലമാക്കുവാനും അവന്റെ ശബ്ദം കേൾക്കുവാനുമുള്ള അവസരമായി 'ഇന്നിനെ' എടുക്കുക. ദൂതന്മാരെക്കാളും മോശെയെക്കാളും അഹരോനെക്കാളും ക്രിസ്തു ശ്രേഷ്ഠനാണെന്നും, ക്രിസ്തുവിന്റെ പുതിയ ഉടമ്പടി മോശെയിലൂടെ നൽകിയ പഴയ ഉടമ്പടിയേക്കാൾ വളരെ ശ്രേഷ്ഠമാണെന്നുമാണ് അവന്റെ ശബ്ദം പറയുന്നത്. സഭാജീവിതത്തിലെ ശബ്ബത്തായ ഈ ദിവസത്തിലേക്കു പ്രവേശിക്കുവാൻ ഉത്സാഹിക്കുക." സഭാദിവസത്തിൽ നാം അവന്റെ ശബ്ദം കേൾക്കുകയും നമ്മുടെ ഹൃദയം കഠിനമാക്കാതെയുമിരുന്നാൽ, നാം ഒരിക്കലും ജീവനുള്ള ദൈവത്തെ പ്രകോപിപ്പിക്കുകയും ത്യജിച്ചുകളയുകയുമില്ല. നാം അവനിൽ ആശ്രയിക്കുകയും വിശ്രമത്തിലേക്കു പ്രവേശിക്കുകയും ചെയ്യും.

## ദൈവത്തിന്റെ ജീവനുള്ള വചനം

സങ്കീർത്തനം 95-നെക്കുറിച്ച് വളരെയധികം സംസാരിച്ചതിനുശേഷം, എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ പെട്ടെന്നു 4:12-ൽ പറയുന്നു, "എന്തെന്നാൽ ദൈവവചനം ജീവനുള്ളതും, വ്യാപരിക്കുന്നതും, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാൾ മൂർച്ചയേറിയതും, ദേഹിയെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർതിരിക്കുംവരെ തുളച്ചുചെല്ലുന്നതും, ഹൃദയത്തിന്റെ ചിന്തകളും ഉദ്ദേശ്യങ്ങളും വിവേചിക്കുവാൻ കഴിയുന്നതും ആകുന്നു." ഈ വാക്യത്തിന്റെ തുടക്കത്തിലെ "എന്തെന്നാൽ" എന്ന പദം അതിനു മുമ്പിലത്തെ വാക്യവുമായി

അതിനെ ബന്ധിപ്പിക്കുന്നു. എന്തുകൊണ്ടാണ് ഇവിടെ എഴുത്തുകാരൻ പെട്ടെന്ന് ദൈവവചനത്തെക്കുറിച്ച് സംസാരിക്കുന്നത്? എന്തുകൊണ്ടെന്നാൽ സങ്കീർത്തനം 95-ലെ വാഗ്ദത്തം ദൈവവചനമാണ്. നാം വേദപുസ്തകം വായിക്കുമ്പോഴെല്ലാം, അതു നമ്മുടെ ഉള്ളിലുള്ളതിനെയെല്ലാം വേർതിരിക്കുവാനും വിവേചിക്കുവാനും തക്കവണ്ണം ജീവനുള്ളതും ഉത്തേജിപ്പിക്കുന്നതും മൂർച്ചയുള്ളതും ആയിരിക്കണം. അത് അങ്ങനെയല്ലെങ്കിൽ, നാം ദൈവവചനത്തെയല്ല, മറിച്ച് കറുപ്പും വെളുപ്പുമായ അക്ഷരങ്ങളെ മാത്രമേ സ്പർശിച്ചിട്ടുള്ളൂ. കറുപ്പും വെളുപ്പുമായ അക്ഷരങ്ങളിൽ അച്ചടിച്ച കാര്യം ജീവനുള്ളതോ വ്യാപരിക്കുന്നതോ അല്ല. വേദപുസ്തകത്തിലെ ഓരോ വചനവും ജീവനുള്ളതും ഉത്തേജിപ്പിക്കുന്നതുമായ ദൈവവചനമായിരിക്കണം. നാം കേവലം അച്ചടിച്ച വിഷയത്തെയല്ല, ദൈവവചനത്തെയാണു സ്പർശിച്ചതെന്ന് നമുക്കെങ്ങനെ അറിയുവാൻ കഴിയും? നാം സ്പർശിച്ച വചനം ജീവനുള്ളതും ഉത്തേജിപ്പിക്കുന്നതുമായി നമ്മുടെ ദേഹിയെ നമ്മുടെ ആത്മാവിൽനിന്നും വേർതിരിക്കുമ്പോൾ നമുക്ക് അത് അറിയുവാൻ കഴിയും. ഇതൊരു പ്രധാന തത്ത്വമാണ്.

എഴുത്തുകാരൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എബ്രായ സഹോദരന്മാരായ നിങ്ങൾ പഴയനിയമത്തെ, പ്രത്യേകിച്ച് സങ്കീർത്തനപുസ്തകത്തെ പരിലാളിക്കുന്നുവല്ലോ. അതിലൊരു സങ്കീർത്തനം പറയുന്നു, 'ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ.' നിങ്ങൾക്ക് യാതൊരു മാറ്റവും ഇല്ലാതെ ഈ വാക്യം വീണ്ടും വീണ്ടും വായിച്ചിട്ടുണ്ട്. നിങ്ങളോടുള്ള എന്റെ സംസാരത്തിന് ഈ സങ്കീർത്തനത്തെ ഒരു അടിസ്ഥാനമായി ഞാൻ ഉപയോഗിക്കുന്നു. ഈ ദൈവവചനം ജീവനുള്ളതും വ്യാപരിക്കുന്നതും, നമ്മുടെ ആത്മാവിൽനിന്നും നമ്മുടെ ദേഹിയെ വേർതിരിക്കുന്നതും ആയിരിക്കണം. സഹോദരന്മാരേ, എന്തുകൊണ്ടാണ് നിങ്ങൾ ചാഞ്ചാടുന്നതെന്നും ശങ്കിക്കുന്നതെന്നും എനിക്കറിയാം. നിങ്ങളുടെ ദേഹി ആത്മാവുമായി കലർന്നിരിക്കുന്നതുകൊണ്ടാണ്. ചിലപ്പോൾ, നിങ്ങൾ ശാന്തരായിരിക്കുമ്പോൾ, ഉള്ളിൽ ആഴത്തിൽ, ഇന്നത്തെ മിശിഹയായ ക്രിസ്തുവിനെ പിന്തുടരുവാൻ നിങ്ങളുടെ ആത്മാവു നിങ്ങളോടു പറയുന്നു. നിങ്ങളുടെ ആത്മാവിൽ ഇതിനെക്കുറിച്ച് നിങ്ങൾക്ക് വ്യക്തതയുണ്ടെങ്കിലും, നിങ്ങളുടെ ആത്മാവിൽനിന്ന് നിങ്ങളുടെ ദേഹിയിലേക്ക് നിങ്ങൾ തിരിയുന്നു. നിങ്ങളുടെ ദേഹിയിലുള്ള നിങ്ങളുടെ മനസ്സ് ആശ്ചര്യപ്പെടുവാൻ തുടങ്ങുകയും, ഇത് നിങ്ങളുടെ ദേഹിയെ അലയുവാൻ ഇടയാക്കുകയും ചെയ്യുന്നു. നിങ്ങളുടെ ദേഹിയും ആത്മാവും കലർന്നിരിക്കുന്നതുകൊണ്ട്, ഇരുവായ്ത്തലയുള്ള വാളിനെക്കാൾ മൂർച്ചയുള്ള

ദൈവത്തിന്റെ ജീവനുള്ള വചനം ഞാൻ ഉദ്ധരിച്ചു. അതു നിങ്ങളുടെ കലർപ്പിനെ തുളയ്ക്കുകയും, നിങ്ങളുടെ ദേഹിയിൽനിന്ന് നിങ്ങളുടെ ആത്മാവിനെ വേർതിരിക്കുകയും, നിങ്ങൾ എത്ര വിഡ്ഢികളാണെന്നു നിങ്ങളെ കാണിച്ചുതരുകയും ചെയ്യും. നിങ്ങളുടെ ദേഹിയിൽ നിങ്ങൾ ഇനിമേൽ അലഞ്ഞുതിരിയരുത്; നിങ്ങളുടെ ദേഹിയിൽനിന്ന് നിങ്ങളുടെ ആത്മാവിലേക്കു നിങ്ങൾ തിരിയണം. ചിന്തിച്ചുകൊണ്ടിരിക്കുകയോ സംസാരിക്കുകയോ ശങ്കിക്കുകയോ ചാഞ്ചാടുകയോ അരുത്. നിങ്ങൾ എത്രത്തോളം സംസാരിക്കുകയും ശങ്കിക്കുകയും ചെയ്യുന്നുവോ, അത്രത്തോളം നിങ്ങൾ നിങ്ങളുടെ അലഞ്ഞുതിരിയുന്ന മനസ്സിലാകുന്നു."

നമ്മിൽ അനേകർക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ട്. നാം സഭാജീവിതത്തിലേക്കു വരുന്നതിനുമുമ്പ് നാം അലഞ്ഞുതിരിയുകയായിരുന്നു. പിന്നീട് നാം സഭയാൽ ആകർഷിക്കപ്പെടുകയും, നമ്മുടെ ആത്മാവിന്റെ ആഴത്തിൽനിന്ന് "ഇതാകുന്നു അത്" എന്ന് എന്തോ ഒന്നു പറയുകയും ചെയ്തു. അപ്പോൾ നമ്മുടെ മനസ്സ്, "ഇത് ശരിയാണോ? ശരിയാണെങ്കിൽ, എന്തുകൊണ്ട് ആത്മികരായ അതികായന്മാർ ഇത് അനുഷ്ഠിച്ചില്ല?" എന്നു ചോദിച്ചുകൊണ്ട് ആശ്ചര്യപ്പെടുവാൻ തുടങ്ങി. നമ്മുടെ പശ്ചാത്തലത്തിന്റെ സ്വാധീനത്തിൻകീഴിൽ നാം മരുഭൂമിയിൽ അലയുവാൻ തുടങ്ങി. എങ്കിലും, രാത്രിയിലെ ശാന്തതയിൽ, "സഭാജീവിതമാണു ശരി" എന്ന് നമ്മുടെ മനസ്സിനേക്കാൾ ആഴത്തിലുള്ള ഒന്ന് നമ്മുടെ ഉള്ളിൽ പറഞ്ഞു. അങ്ങനെയുള്ള ഒരു സമയത്ത്, ഉറങ്ങുവാനോ നന്നായി ജോലി ചെയ്യുവാനോ ബുദ്ധിമുട്ടായിരുന്നു. നമ്മുടെ ആത്മാവ് എന്താണെന്നും നമ്മുടെ ദേഹി എന്താണെന്നും വെളിപ്പെടുത്തിക്കൊണ്ട് ഒരു ദിവസം ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ആളത്തത്തെ വേർതിരിക്കുവാൻ വന്നപ്പോൾ മാത്രമാണ് നാം വിശ്രമം കണ്ടെത്തിയത്.

ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ആളത്തത്തിലേക്കു തുളച്ചുകയറുകയും ദേഹിയുടെയും ആത്മാവിന്റെയും എല്ലാ കലർപ്പിനെയും വേർപെടുത്തുകയും വേണം. സഭാജീവിതം തികച്ചും ആത്മാവിലാണ്. മതത്തിലായിരിക്കുന്നത് വളരെ എളുപ്പമാണ്. എന്നാൽ, സഭാജീവിതത്തിലേക്കു പ്രവേശിക്കുവാൻ നാം ദൈവത്തിന്റെ ജീവനുള്ള വചനത്താൽ തുളയ്ക്കപ്പെടുകയും വേർതിരിക്കപ്പെടുകയും വേണം. ദൈവവചനത്തിനു മാത്രമേ നമ്മുടെ ആത്മാവിൽനിന്ന് നമ്മുടെ ദേഹിയെ വേർതിരിക്കുവാൻ കഴിയൂ. ഒട്ടുന്ന കടലാസുപോലെ നമ്മുടെ ദേഹി ഒട്ടിപ്പിടിക്കുന്നതാണ്. അങ്ങനെ നമ്മുടെ ആത്മാവിന് നമ്മുടെ ദേഹിയോട് ഒട്ടിയിരിക്കുവാൻ എളുപ്പമാണ്. ഇതുനിമിത്തം, തുളച്ചുകയറുന്നതും വേർതിരിക്കുന്നതുമായ ദൈവത്തിന്റെ ജീവനുള്ള വചനം നമുക്കാവശ്യമാണ്. ഇത് നാം ആദ്യമായി സഭാജീവിതത്തിലേക്കു

വരുമ്പോൾ മാത്രമല്ല, പിന്നീട് പലപ്പോഴായുമാണ് അനുഭവിക്കുന്നത്. നിരവധി തവണ ദൈവം കടന്നുവരികയും നമ്മുടെ ആത്മാവ് പ്രതികരിക്കുകയും ചെയ്യു. എന്നാൽ നമ്മുടെ ദേഹിയും പ്രധാമായും നമ്മുടെ മനസ്സിലൂടെ പ്രതികരിച്ചു. "സഭയ്ക്കു നിങ്ങളെത്തന്നെ വിധേയപ്പെടുത്തുക" എന്നു പറഞ്ഞുകൊണ്ട് കർത്താവു നമ്മുടെ ആത്മാവിൽ സംസാരിച്ചിട്ടുണ്ടാകാം. എന്നാൽ ഒട്ടിപ്പിടിക്കുന്ന ദേഹി മനസ്സിലൂടെ പറയുന്നു, "സൂക്ഷിക്കുക. സഭ പറയുന്നത് അത്രയധികമൊന്നും കേൾക്കരുത്. എല്ലാവരെയുംപോലെ നേതൃത്വത്തിലുള്ള സഹോദരന്മാർക്കും കുറവുകളുണ്ട്. ആ സഹോദരനെ നോക്കുക. അവൻ നല്ലവനാണെങ്കിലും, അവൻ തികച്ചും നല്ലവനല്ല." നമ്മുടെ മനസ്സ് ഇങ്ങനെ പ്രവർത്തിക്കുമ്പോൾ, നാം വേഗം അലഞ്ഞുതിരിയുവാൻ തുടങ്ങുന്നു. തുളച്ചുചെല്ലുന്ന ദൈവത്തിന്റെ ജീവനുള്ള വചനത്തോടുകൂടെ കരുണയുള്ളവനും വിശ്വസ്തനുമായ ദൈവം കടന്നുവരുമ്പോൾ മാത്രമേ നമ്മുടെ അലഞ്ഞുതിരിയുന്ന മനസ്സിൽനിന്നും നാം വിടുതൽ കണ്ടെത്തുകയുള്ളൂ. ഇതുകൊണ്ടാണ് നമുക്ക് വേദപുസ്തകം ആവശ്യമായിരിക്കുന്നത്. നാം വേദപുസ്തകം വായിക്കുമ്പോഴെല്ലാം അത് ജീവനുള്ളതും ഉത്തേജിപ്പിക്കുന്നതുമല്ലെങ്കിൽ എന്തോ കുഴപ്പമുണ്ട്. അനേകം ക്രിസ്ത്യാനികളും വേദപുസ്തകത്തെ അച്ചടിച്ച ഒരു പുസ്തകമായി മാത്രമേ എടുക്കുന്നുള്ളൂവെങ്കിലും, നാം അതിനെ ദിനംപ്രതി ജീവനുള്ള ഒരു രീതിയിൽ എടുക്കണം.

## I. ജീവനുള്ള ദൈവത്തിന്റെ കവിഞ്ഞൊഴുക്ക്

ജീവനുള്ള ദൈവത്തിന്റെ വചനം ജീവനുള്ള ദൈവത്തിന്റെ കവിഞ്ഞൊഴുക്കാണ്. അത് ദൈവത്തിന്റെ ജീവനോടുകൂടെയും (യോഹ. 1:4), ദൈവത്തിന്റെ വെളിച്ചത്തോടുകൂടെയും (സങ്കീ 119:105, 130), ദൈവത്തോടുകൂടെത്തന്നെയും (യോഹ. 1:1) ഒഴുകുന്നു. തിരുവെഴുത്തുകൾ ദൈവത്താൽ നിശ്വസിക്കപ്പെട്ടതാ യതുകൊണ്ട് (2 തിമൊ 3:16, യവനഭാഷ), തിരുവെഴുത്തുകളിലെ ദൈവവചനം ദൈവത്തിന്റെ കവിഞ്ഞൊഴുക്കാണ്. ഇത് ദൈവത്തിന്റെ ജീവനെയും ദൈവത്തിന്റെ വെളിച്ചത്തെയും ദൈവത്തെത്തന്നെയും നമ്മുടെ ആളത്തത്തിലേക്കു കൊണ്ടുവരുന്നു.

## II. ജീവനുള്ളത്

ദൈവത്തിന്റെ വചനം ദൈവത്തിന്റെ കവിഞ്ഞൊഴുക്കാ യതിനാൽ, ആത്മാവും ജീവനുമായിരിക്കുന്നതിലൂടെ (യോഹ. 6:63) അത് ജീവനുള്ളതാണ്. നമ്മുടെ അനുഭവത്തിൽ മുഴുവൻ വേദപുസ്തകവും നിർജീവ അക്ഷരങ്ങളല്ല, ആത്മാവും ജീവനുമായി ജീവനുള്ളതായിരിക്കണം.

## III. വ്യാപരിക്കുന്നത്

ദൈവത്തിന്റെ ജീവനുള്ള വചനം വ്യാപരിക്കുന്നതാണ്. "വ്യാപരിക്കുന്നത്" എന്നു വിവർത്തനം ചെയ്തിരിക്കുന്ന യവന പദത്തിന്റെ ആംഗലേയ രൂപം ഊർജ്ജസ്വലമെന്നാണ്. അതിനാൽ, ഇവിടെ വ്യാപരിക്കുന്നത് എന്നതുകൊണ്ട് അർഥമാക്കുന്നത് ഉത്തേജിപ്പിക്കുന്നത് അഥവാ ഊർജ്ജസ്വലമായത് എന്നാണ്. ദൈവത്തിനുവേണ്ടി ചിലത് പ്രവർത്തിക്കുവാൻ തക്കവണ്ണം ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ഉള്ളിൽ ഉത്തേജനമേകുന്നു.

## IV. ഇരുവായ്ത്തലയുള്ള വാളിനെക്കാൾ മൂർച്ചയുള്ളത്

ദൈവത്തിന്റെ ജീവനുള്ള വചനം നമ്മുടെ ആളത്തത്തിലേക്ക് തുളച്ചുചെല്ലുകയും, നമ്മുടെ ദേഹിയെ നമ്മുടെ ആത്മാവിൽനിന്നും വേർതിരിക്കുകയും, നമ്മുടെ ഹൃദയത്തിലെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിക്കുകയും ചെയ്തുകൊണ്ട്, ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയുള്ളതാണ് (എഫെ. 6:17). ദൈവവചനം പലപ്പോഴും നമ്മുടെ സമ്മിശ്ര ചിന്തകളെ വിവേചിക്കുന്നു. എല്ലാ ചിന്തകളും നരകത്തിൽനിന്ന് വരുന്നുവെന്നോ എല്ലാ ഉദ്ദേശ്യങ്ങളും സ്വയത്തിൽനിന്നു വരുന്നുവെന്നോ ചിന്തിക്കരുത്. ചില ചിന്തകൾ സ്വർഗത്തിൽനിന്നു വരുന്നതും, ചില ഉദ്ദേശ്യങ്ങൾ ദൈവത്തിനുവേണ്ടിയുള്ളതുമാണ്. എന്നാൽ മിക്കപ്പോഴും നമ്മുടെ ചിന്തകളിലും ഉദ്ദേശ്യങ്ങളിലും നമുക്ക് കലർപ്പുള്ളതുകൊണ്ട്, നമ്മിലേക്ക് തുളച്ചുകയറുവാനും, സ്വയത്തിൽനിന്നും സ്വയത്തിനുവേണ്ടിയുള്ളതും, ദൈവത്തിൽനിന്നും ദൈവത്തിനുവേണ്ടിയുള്ളതും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തിക്കൊണ്ട് നമ്മുടെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിക്കുവാനും ജീവനുള്ളതും വ്യാപരിക്കുന്നതും മൂർച്ചയേറിയതുമായ വചനം ആവശ്യമാണ്. നാം നമ്മിൽത്തന്നെയാകുന്നുവെങ്കിൽ ഈ കാര്യങ്ങളെ വിവേചിക്കുവാൻ നമുക്കു കഴിയുകയില്ല. എന്നാൽ ഒരിക്കൽ നാം ദൈവത്തിന്റെ ജീവനുള്ള വചനത്തെ അനുഭവമാക്കിയാൽ, ദൈവത്തിൽനിന്നുള്ള ചിന്തകളെയും സാത്താനിൽനിന്നുള്ള ഉദ്ദേശ്യങ്ങളെയും വിവേചിച്ചറിയുവാൻ എളുപ്പമാണ്.

### മനുഷ്യന്റെ ഭാഗങ്ങൾ

ഇതു നമ്മെ മനുഷ്യന്റെ ഭാഗങ്ങളിലേക്ക് കൊണ്ടുവരുന്നു. *ദൈവത്തിന്റെ വ്യവസ്ഥ* എന്ന പുസ്തകത്തിലും *മനുഷ്യന്റെ ഭാഗങ്ങൾ* എന്ന ചെറുപുസ്തകത്തിലും ഇക്കാര്യം വേണ്ടുംവണ്ണം പരാമർശിച്ചിട്ടുണ്ട്.

## I. ശരീരം

നമ്മുടെ ശരീരം പുറമെയുള്ള, ഭൗതിക ലോകവുമായി ബന്ധപ്പെടുന്ന നമ്മുടെ ബാഹ്യാവയവമാണ്. ഇത് ശരീരത്തിന്റെ എല്ലാ അവയവങ്ങളും ചേരുന്നതും, 4:12-ലെ സന്ധിമജ്ജകളാൽ സൂചിപ്പിക്കപ്പെടുന്നതുമാണ്.

## II. ദേഹി

ദേഹി നമ്മുടെ സ്വയംതന്നെയാണ്. മത്തായി 16:26-നെ ലൂക്കൊസ് 9:25-മായി താരതമ്യം ചെയ്യുന്നതിലൂടെ ഇതു തെളിയിക്കപ്പെടുന്നു. മത്തായി 16:26 പറയുന്നു, "ഒരു മനുഷ്യൻ സർവലോകവും നേടീട്ട്, തന്റെ ദേഹിജീവനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം ചെയ്യും? അല്ലെങ്കിൽ ഒരു മനുഷ്യൻ തന്റെ ദേഹിജീവന് എന്തു പകരം നൽകും?" ലൂക്കൊസ് 9:25 പറയുന്നു, "ഒരു മനുഷ്യൻ സർവലോകവും നേടിയിട്ട്, തന്നെത്താൻ നഷ്ടമാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്താൽ അവന് എന്തു പ്രയോജനം?" നമ്മുടെ ദേഹി നമ്മുടെ സ്വയം, നമ്മുടെ ആളത്തം, അഥവാ നമ്മുടെ വ്യക്തിത്വം ആണെന്ന് ഇവിടെ നമുക്കു കാണാം. കർത്താവിനെ അനുഗമിക്കുന്നതിൽ, നമ്മുടെ ദേഹിയെ, നമ്മുടെ സ്വയത്തെ, നാം ത്യജിക്കണം (മത്താ. 16:24; ലൂക്കൊ. 9:23).

മനസ്സും ഇച്ഛയും വികാരവും ചേരുന്നതാണ് നമ്മുടെ ദേഹി. ദേഹിക്ക് പരിജ്ഞാനം ആവശ്യമാണെന്ന് സദൃശവാക്യങ്ങൾ 2:10 നിർദ്ദേശിക്കുന്നു. പരിജ്ഞാനം മനസ്സിന്റെ ഒരു പ്രവർത്തനമായതിനാൽ, മനസ്സ് ദേഹിയുടെ ഒരു ഭാഗമാണെന്ന് ഇത് തെളിയിക്കുന്നു. ദേഹി അറിയുന്നുവെന്ന് സങ്കീർത്തനം 139:14 പറയുന്നു. അറിയുന്നത് മനസ്സിന്റെ ഒരു പ്രവർത്തനമായതിനാൽ, മനസ്സ് ദേഹിയുടെ ഒരു ഭാഗമാണെന്ന് അതു പിന്നെയും തെളിയിക്കുന്നു. ദേഹി ചിന്തിക്കുന്നുവെന്ന്, അഥവാ ആലോചന കഴിക്കുന്നുവെന്ന് സങ്കീർത്തനം 13:2 പറയുന്നു, അത് മനസ്സിനെ പരാമർശിക്കുന്നു. ഓർക്കുന്നത് ദേഹിയിലാണെന്ന് വിലാപങ്ങൾ 3:20 ചൂണ്ടിക്കാണിക്കുന്നു. ഈ വാക്യങ്ങളിൽനിന്ന് നമുക്കു കാണുവാൻ കഴിയുന്നത് ദേഹിയിൽ അറിയുന്നതും പരിഗണിക്കുന്നതും ഓർമിക്കുന്നതുമായ ഒരു ഭാഗം ഉണ്ടെന്നാണ്. ഈ ഭാഗമാണ് മനസ്സ്.

ദേഹിയുടെ രണ്ടാമത്തെ ഭാഗം ഇച്ഛയാണ്. ദേഹി തിരഞ്ഞെടുക്കുന്നു എന്ന് ഇയ്യോബ് 7:15 പറയുന്നു. തിരഞ്ഞെടുക്കുന്നത് ഇച്ഛാശക്തിയുടെ പ്രവൃത്തിയാലുള്ള ഒരു തീരുമാനമാണ്. ഇച്ഛാശക്തി ദേഹിയുടെ ഒരു ഭാഗമായിരിക്കണമെന്ന് ഇത് തെളിയിക്കുന്നു. ദേഹി നിരസിക്കുന്നു എന്ന് ഇയ്യോബ് 6:7 പറയുന്നു. തിരഞ്ഞെടുക്കുന്നതും നിരസിക്കുന്നതും,

രണ്ടും ഇച്ഛാശക്തിയുടെ പ്രവർത്തനങ്ങളാണ്. 1 ദിനവൃത്താന്തം 22:19 പറയുന്നു, "അന്വേഷിക്കുവാൻ നിങ്ങളുടെ ദേഹിയെ ഏല്പിച്ചുകൊടുക്കുവിൻ." ചിന്തിക്കുവാൻ നമ്മുടെ മനസ്സിനെ ഏല്പിക്കുന്നതുപോലെ, അന്വേഷിക്കുവാൻ നമ്മുടെ ദേഹികളെ നാം ഏല്പിക്കുന്നു. ഇതു തീർച്ചയായും ദേഹി ഒരു തീരുമാനമെടുക്കുന്നതാണ്, ഇച്ഛ ദേഹിയുടെ ഒരു ഭാഗമായിരിക്കണമെന്ന് ഇതു തെളിയിക്കുന്നു. സങ്കീർത്തനം 27:12; 41:2, യെഹെസ്കേൽ 16:27 എന്നിവ എബ്രായ പദമായ ദേഹിയെ ഇച്ഛയെന്നു വിവർത്തനം ചെയ്യുന്നു. സങ്കീർത്തനക്കാരന്റെ പ്രാർഥന, "എന്റെ വൈരിയുടെ ഇഷ്ടത്തിന് എന്നെ ഏല്പിച്ചുകൊടുക്കരുതേ" എന്നാണ്. മൂലഭാഷയിൽ അത് അർഥമാക്കുന്നത്, "വൈരിയുടെ ദേഹിക്ക് എന്നെ ഏല്പിച്ചുകൊടുക്കരുതേ" എന്നാണ്. ഇച്ഛ ദേഹിയുടെ ഒരു ഭാഗമായിരിക്കണമെന്ന് ഇതു വ്യക്തമായി തെളിയിക്കുന്നു.

വികാരമാണ് ദേഹിയുടെ മൂന്നാമത്തെ ഭാഗം. വികാരത്തിൽ നിരവധി ഭാവങ്ങളുണ്ട്: സ്നേഹം, വെറുപ്പ്, സന്തോഷം, ദുഃഖം മുതലായവ. സ്നേഹത്തെക്കുറിച്ചുള്ള പരാമർശങ്ങൾ 1 ശമൂവേൽ 18:1, ഉത്തമഗീതം 1:7, സങ്കീർത്തനം 42:1 എന്നിവയിൽ കാണാം. ഈ വാക്യങ്ങൾ കാണിക്കുന്നത് സ്നേഹം ദേഹിയിലാകുന്നു എന്നാണ്, അതുകൊണ്ട് ദേഹിക്കുള്ളിൽ വികാരമെന്ന ഒരു അവയവം അഥവാ പ്രവർത്തനം ഉണ്ടെന്ന് തെളിയിക്കുന്നു. വെറുപ്പിനെ സംബന്ധിച്ച് 2 ശമൂവേൽ 5:8, സങ്കീർത്തനം 107:18, യെഹെസ്കേൽ 36:5 എന്നീ ഭാഗങ്ങളിൽ കാണാം. വികാരത്തിന്റെ ഒരു മൂലകമായ സന്തോഷവും ദേഹിയുടെ ഒരു ഭാഗമാണെന്ന് യെശയ്യാവ് 61:10-ലും സങ്കീർത്തനം 86:4-ലും കാണാം. പിന്നീട് ദേഹിയുടെ മറ്റൊരു ആവിഷ്കാരമായ ദുഃഖത്തിന്റെ കാര്യം 1 ശമൂവേൽ 30:6-ലും, ന്യായാധിപന്മാർ 10:16-ലും പറഞ്ഞിരിക്കുന്നു. ഈ വാക്യങ്ങൾ ദേഹിയുടെ മൂന്നു ഭാഗങ്ങളെ പരിശോധിക്കുന്നതിനുള്ള അടിത്തറ നല്കുന്നു. മനസ്സാണ് പ്രമുഖ ഭാഗം, അതിനെത്തുടർന്ന് ഇച്ഛയും വികാരവും ഉണ്ട്.

## III. ആത്മാവ്

ശരീരം ഭൗതിക ലോകത്തെ ബന്ധപ്പെടാനുള്ള നമ്മുടെ ബാഹ്യാവയവം എന്നപോലെ, ആത്മാവ് ദൈവത്തെ ബന്ധപ്പെടാനുള്ള നമ്മുടെ ആന്തരിക അവയവമാണ് (സെഖ. 12:1; ഇയ്യോബ് 32:8; സദൃ. 20:27 യോഹ. 4:24; റോമ 1:10; യെഹെ. 36:26). നാം രണ്ട് അവയവങ്ങളോടുകൂടെ—ബാഹ്യമായി ശരീരവും ആന്തരികമായി ആത്മാവുമുള്ള ഒരു ആളത്തം, ഒരു ദേഹി ആണ്. മനസ്സാക്ഷിയും കൂട്ടായ്മയും അന്തർജ്ഞാനവും അടങ്ങുന്ന മൂന്നു ഭാഗങ്ങൾ അഥവാ പ്രവർത്തനങ്ങൾ ചേരുന്ന ഒരു പൂർണ ഏകകമാണ് ആത്മാവ്. മനസ്സാക്ഷിയുടെ പ്രവർത്തനത്തെക്കുറിച്ച്

നാമെല്ലാവരും സുപരിചിതരാണ്; അത് തെറ്റിൽനിന്നും ശരിയെ ഗ്രഹിക്കുകയും, കുറ്റംവിധിക്കുകയോ ന്യായീകരിക്കുകയോ ചെയ്യുകയും ചെയ്യുന്നു. കൂട്ടായ്മയെ മനസ്സിലാക്കുന്നതും എളുപ്പമാണ്. ദൈവവുമായുള്ള നമ്മുടെ സംസർഗ്ഗമാണ് കൂട്ടായ്മ. നമുക്ക് ദൈവത്തെ ബന്ധപ്പെടുവാൻ സാധ്യമാക്കുന്ന ഒരു പ്രവർത്തനം നമ്മുടെ ആത്മാവിനുള്ളിൽ ഉണ്ട്. എന്നാൽ അന്തർജ്ഞാനത്തെ മനസ്സിലാക്കുന്നത് അത്ര എളുപ്പമല്ല. അന്തർജ്ഞാനമെന്നാൽ നേരിട്ടുള്ള ബോധമോ അറിവോ ഉണ്ടായിരിക്കുക എന്നാണർഥം. കാരണമോ സാഹചര്യങ്ങളോ പശ്ചാത്തലമോ എന്തുതന്നെയായാലും നമ്മുടെ ആത്മാവിൽ ഇങ്ങനെ നേരിട്ടുള്ള ഒരു ബോധമുണ്ട്. അന്തർജ്ഞാനം നേരിട്ടുള്ള ദൈവബോധവും ദൈവത്തിൽനിന്നു നേരിട്ടുള്ള ഒരു അറിവുമാണ്. അങ്ങനെ മനസ്സാക്ഷി, കൂട്ടായ്മ, അന്തർജ്ഞാനം എന്നിവയാൽ ആത്മാവ് അറിയപ്പെടുന്നു.

മനസ്സാക്ഷി ആത്മാവിന്റെ ഒരു ഭാഗമാണെന്ന് റോമർ 9:1-നെ 8:16-മായി താരതമ്യപ്പെടുത്തുന്നതിലൂടെ തെളിയിക്കാം. ഒരു വശത്ത് പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു. മറുവശത്ത് നമ്മുടെ മനസ്സാക്ഷി പരിശുദ്ധാത്മാവിനോടുകൂടെ സാക്ഷ്യം വഹിക്കുന്നു. മനസ്സാക്ഷി നമ്മുടെ ആത്മാവിന്റെ ഒരു പ്രവർത്തനമായിരിക്കണമെന്ന് ഇത് തെളിയിക്കുന്നു. "എന്റെ ഉള്ളിൽ സ്ഥിരമായൊരു ആത്മാവിനെ" എന്ന് സങ്കീർത്തനം 51:10 പറയുന്നു—അതായത്, ശരിയായ ഒരു ആത്മാവിനെ. തെറ്റിൽനിന്നും ശരി അറിയുന്നത് മനസ്സാക്ഷിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ, ഈ വാക്യവും തെളിയിക്കുന്നത് മനസ്സാക്ഷി ആത്മാവിലാകുന്നു എന്നാണ്.

കൂട്ടായ്മ ആത്മാവിലാണെന്നു പറയുന്നതിനുള്ള തിരുവെഴുത്തിൻ പ്രകാരമുള്ള അടിസ്ഥാനമെന്താണ്? നമ്മുടെ ആത്മാവിൽ ദൈവത്തെ ആരാധിക്കണമെന്ന് യോഹന്നാൻ 4:24 പറയുന്നു. ദൈവത്തെ ആരാധിക്കുകയെന്നാൽ ദൈവത്തെ ബന്ധപ്പെടുന്നതും അവനുമായി കൂട്ടായ്മ ആചരിക്കുന്നതുമാണ്, ആരാധനയുടെ പ്രവർത്തനം അഥവാ കൂട്ടായ്മ നമ്മുടെ ആത്മാവിലാണെന്ന് ഇതു തെളിയിക്കുന്നു. റോമർ 1:10-ൽ അപ്പൊസ്തലനായ പൗലൊസ്, "ഞാൻ എന്റെ ആത്മാവിൽ സേവിക്കുന്ന ദൈവം" എന്ന് പറയുന്നു. ദൈവത്തെ സേവിക്കുന്നതും ദൈവവുമായുള്ള ഒരു തരം കൂട്ടായ്മയാണ്. ഇതും തെളിയിക്കുന്നത് കൂട്ടായ്മയ്ക്കുള്ള അവയവം നമ്മുടെ ആത്മാവിലാകുന്നു എന്നാണ്. ലൂക്കൊസ് 1:47, "എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു" എന്നു പറയുന്നു, ഇത് അർഥമാക്കുന്നത് മനുഷ്യാത്മാവ് ദൈവത്തെ ബന്ധപ്പെട്ടു എന്നാണ്. ഒരിക്കൽകൂടി പറയട്ടെ, ദൈവവുമായുള്ള കൂട്ടായ്മ ആത്മാവിലുള്ള ഒരു പ്രവർത്തനമാണ്. 1

കൊരിന്ത്യർ 6:17, "കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവാകുന്നു" എന്നു പറയുന്നു. യഥാർഥ കൂട്ടായ്മ അർഥമാക്കുന്നത് നാം കർത്താവുമായി ഏകാത്മാവായിത്തീരുന്നു എന്നാണ്. ഈ കൂട്ടായ്മ ആത്മാവിലാണ്.

അന്തർജ്ഞാനത്തിന്റെ കാര്യം എങ്ങനെയാണ്? ദേഹിക്ക് അറിയുവാൻ കഴിയാത്തത് മനുഷ്യന്റെ ആത്മാവിന് അറിയുവാൻ കഴിയുമെന്ന് 1 കൊരിന്ത്യർ 2:11 വെളിപ്പെടുത്തുന്നു. അധികമായ ഒന്ന് നമ്മുടെ ആത്മാവിലുണ്ടെന്ന് ഇതു തെളിയിക്കുന്നു. നമ്മുടെ ദേഹിക്ക് യുക്തികൊണ്ടും സാഹചര്യാനുഭവങ്ങൾകൊണ്ടും കാര്യങ്ങൾ അറിയുവാൻ കഴിയുമെങ്കിലും, ഇവയെക്കൂടാതെ മനുഷ്യാത്മാവിന് കാര്യങ്ങൾ വിവേചിക്കുവാൻ കഴിയും. ഈ നേരിട്ടുള്ള ബോധം കാണിക്കുന്നത് അന്തർജ്ഞാനം നമ്മുടെ ആത്മാവിലാകുന്നു എന്നാണ്. കർത്താവു തന്റെ ആത്മാവിൽ ഗ്രഹിച്ചു എന്ന് മർക്കൊസ് 2:8 പറയുന്നു. നമ്മുടെ ആത്മാവിൽ ഗ്രഹിക്കുന്നത് നേരിട്ടുള്ള വിവേചന ബോധത്തിൽനിന്നാണ്, അത് യുക്തിയിൽ ആശ്രയിച്ചിരിക്കുന്നില്ല. ഇതാണ് നമ്മുടെ ആത്മാവിന്റെ മൂന്നാമത്തെ പ്രവർത്തനമായ അന്തർജ്ഞാനം. അതുകൊണ്ട് മനസ്സാക്ഷിയും കൂട്ടായ്മയും അന്തർജ്ഞാനവും മനുഷ്യാത്മാവിന്റെ മൂന്നു പ്രവർത്തനങ്ങളാണെന്ന് പറയുന്നതിന് നമുക്ക് തിരുവെഴുത്തിൽ അടിസ്ഥാനമുണ്ട്.

നമ്മുടെ ആത്മാവ് നമ്മുടെ ആളത്തത്തിന്റെ ഏറ്റവും ആഴമേറിയ ഭാഗം, നാം ദൈവത്തെ ബന്ധപ്പെടുന്ന ഒരു ആത്മികാവയവമാണ്. നമ്മുടെ ആത്മാവിലാണ് നാം വീണ്ടുംജനിച്ചത് (യോഹ. 3:6). നമ്മുടെ ആത്മാവിലാണ് പരിശുദ്ധാത്മാവ് വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് (റോമ 8:16). നമ്മുടെ ആത്മാവിലാണ് ക്രിസ്തുവിനെ അവന്റെ കൃപയിൽ നാം ആസ്വദിക്കുന്നത് (2 തിമൊ. 4:22; ഗലാ. 6:18). ഇക്കാരണത്താലാണ് തങ്ങളുടെ ദേഹിയിൽ അലഞ്ഞു ചാഞ്ചാടാതെ, സ്വർഗീയ ക്രിസ്തുവിൽനിന്ന് പങ്കുകൊള്ളുവാനും ആസ്വദിക്കുവാനുമായി തങ്ങളുടെ ആത്മാവിലേക്ക് മുന്നേറുവാൻ എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ എബ്രായ വിശ്വാസികളെ ഉപദേശിച്ചത്.

## IV. ഹൃദയം

നാം ദൈവത്തെ ബന്ധപ്പെടുന്ന അവയവം നമ്മുടെ ആത്മാവാണ്, എന്നാൽ നാം ദൈവത്തെ സ്നേഹിക്കുന്ന അവയവം നമ്മുടെ ഹൃദയമാണ് (മർക്കൊ. 12:30). നമ്മുടെ ആത്മാവ് ദൈവത്തെ ബന്ധപ്പെടുകയും സ്വീകരിക്കുകയും ഉൾക്കൊള്ളുകയും അനുഭവമാക്കുകയും ചെയ്യുന്നു. എങ്കിലും, നമ്മുടെ ഹൃദയം ആദ്യം ദൈവത്തെ സ്നേഹിക്കണം.

ഹൃദയം ആത്മാവിനും ദേഹിക്കും പുറമേ വേറിട്ടുള്ള ഒരു ഭാഗമല്ല, മറിച്ച് ദേഹിയുടെ എല്ലാ ഭാഗങ്ങളും അതിനോടുകൂടെ ആത്മാവിന്റെ ആദ്യത്തെ ഭാഗമായ മനസ്സാക്ഷിയും ചേരുന്നതാണ്. അത് മനസ്സാക്ഷിയും, ചിന്തകൾക്കായുള്ള മനസ്സും, ഉദ്ദേശ്യങ്ങൾക്കായുള്ള ഇച്ഛയും, വികാരവും ചേർന്നതാണ്. മനുഷ്യന്റെ മുഴുവൻ ആളത്തത്തിൽ മുഖ്യമായ മൂന്നു ഭാഗങ്ങളിൽ കൂടുതലായി അവനില്ല. ഒരു മനുഷ്യനെന്ന നിലയിൽ നമുക്ക് ഒരു ശരീരവും, ഒരു ദേഹിയും, ഒരു ആത്മാവും ഉണ്ട്. ഹൃദയം എന്നു വിളിക്കപ്പെടുന്ന നാലാമത്തെയും വേറിട്ടതുമായ ഒരു ഭാഗം നമുക്കില്ല.

മനസ്സും ഇച്ഛയും വികാരവും മനസ്സാക്ഷിയും ചേരുന്നതാണ് ഹൃദയം എന്നു പറയുന്നതിനുള്ള തിരുവെഴുത്തിൻ പ്രകാരമുള്ള അടിസ്ഥാനമെന്താണ്? എബ്രായർ 4:12-ഉം ഉല്പത്തി 6:5-ഉം ഹൃദയത്തിന്റെ ചിന്തകളെക്കുറിച്ചു പറയുന്നു. ചിന്തകൾ മനസ്സിൽ ആയതിനാൽ, മനസ്സ് ഹൃദയത്തിന്റെ ഒരു ഭാഗമായിരിക്കണം. ഇച്ഛ ഹൃദയത്തിന്റെ ഒരു ഭാഗമാണെന്ന് പ്രവൃത്തികൾ 11:23 തെളിയിക്കുന്നു, അത് "ഹൃദയത്തിന്റെ ഉദ്ദേശ്യത്തെ"ക്കുറിച്ച് അഥവാ "ഹൃദയത്തിലെ ഉദ്ദേശ്യത്തെ"ക്കുറിച്ചു സംസാരിക്കുന്നു. ഉദ്ദേശ്യം ഇച്ഛയുടെ ഒരു പ്രവർത്തനമാണ്, ഇച്ഛയും ഹൃദയത്തിന്റെ ഭാഗമാണെന്ന് അതു കാണിക്കുന്നു. എബ്രായർ 4:12 ഹൃദയത്തിന്റെ ഇംഗിതങ്ങളെക്കുറിച്ചു സംസാരിക്കുന്നു. ഇംഗിതങ്ങൾ ഉദ്ദേശ്യങ്ങളുമായി യോജിക്കുന്നു, അത് ഇച്ഛയിൽനിന്നുള്ളവയാണ്. ഇച്ഛ ഹൃദയത്തിന്റെ ഭാഗമാണെന്ന് ഇത് വീണ്ടും തെളിയിക്കുന്നു. ഹൃദയം സന്തോഷിക്കുന്നുവെന്ന് യോഹന്നാൻ 16:22 പറയുന്നു. സന്തോഷിക്കുക എന്നത് തീർച്ചയായും നമ്മുടെ ദേഹിയിലുള്ള വികാരത്തിന്റെ ഒരു ഘടകമാണ്, എന്നാൽ ഇവിടെ പറയുന്നത് ഹൃദയം സന്തോഷിക്കുന്നു എന്നാണ്. അതുകൊണ്ട് വികാരവും ഹൃദയത്തിന്റെ ഭാഗമാണ്. യോഹന്നാൻ 16:6-ൽ, ശിഷ്യന്മാരുടെ ഹൃദയത്തിൽ ദുഃഖം നിറയുന്നതിനെക്കുറിച്ച് കർത്താവ് പറയുന്നു, വികാരം ഹൃദയത്തിൽ ഉണ്ടെന്ന് ഇതു വീണ്ടും തെളിയിക്കുന്നു. മനസ്സാക്ഷിയെ സംബന്ധിച്ച്, എബ്രായർ 10:22 പറയുന്നത് ദുർമനസ്സാക്ഷിയിൽനിന്നും നമ്മുടെ ഹൃദയം തളിക്കപ്പെട്ടിരിക്കുന്നു എന്നാണ്. മനസ്സാക്ഷിക്ക് ഹൃദയവുമായി വളരെയധികം ബന്ധമുണ്ട്. നമുക്ക് നിർമലമായ ഒരു ഹൃദയം ഉണ്ടായിരിക്കണമെങ്കിൽ, കുറ്റമില്ലാത്ത ഒരു മനസ്സാക്ഷി ഉണ്ടായിരിക്കണം. നിർമലമായ ഒരു ഹൃദയം ഉണ്ടായിരിക്കേണ്ടതിന് നമ്മുടെ മനസ്സാക്ഷി തളിക്കപ്പെട്ടതായിരിക്കണം. നമ്മുടെ ഹൃദയം നമ്മെ കുറ്റം വിധിക്കുന്നതിനെക്കുറിച്ചു പറയുന്ന 1 യോഹന്നാൻ 3:20-ഉം ഇതു തെളിയിക്കുന്നു. കുറ്റംവിധിക്കുന്നത് മനസ്സാക്ഷിയുടെ ഒരു പ്രവർത്തനമായതിനാൽ, ഈ വാക്യം തെളിയിക്കുന്നത് മനസ്സാക്ഷി സംശയമെന്യേ ഹൃദയത്തിന്റെ ഒരു

ഭാഗമാകുന്നു എന്നാണ്. അങ്ങനെ ദേഹിയുടെ മൂന്നു ഭാഗങ്ങളും ആത്മാവിന്റെ ആദ്യത്തെ ഭാഗവും ചേരുന്നതാണ് ഹൃദയമെന്നു തെളിയിക്കുവാൻ മതിയായ അടിസ്ഥാനം തിരുവെഴുത്തിൽ നമുക്കുണ്ട്.

Tue

## V. മനുഷ്യന്റെ മൂന്നു ഭാഗങ്ങൾ ദൈവാലയത്തിലെ മൂന്നു ഭാഗങ്ങളുമായി ഒത്തിരിക്കുന്നു

മനുഷ്യന്റെ മൂന്നു ഭാഗങ്ങൾ ദൈവാലയത്തിലെ മൂന്നു ഭാഗങ്ങളുമായി ഒത്തിരിക്കുന്നു. ദൈവത്തിന്റെ ആലയം അഥവാ കൂടാരം മൂന്നു ഭാഗങ്ങൾ ചേരുന്നതാണ്: പുറത്തെ പ്രാകാരവും വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും. നാം ദൈവത്തിന്റെ ആലയമാണെന്ന് 1 കൊരിന്ത്യർ 3:16 പറയുന്നു. നമ്മുടെ ശരീരം പുറത്തെ പ്രാകാരത്തിനോട് ഒത്തിരിക്കുന്നു; അല്പം ഉള്ളിലുള്ള നമ്മുടെ ദേഹി വിശുദ്ധസ്ഥലത്തോട് ഒത്തിരിക്കുന്നു; നമ്മുടെ ആളത്തത്തിന്റെ ഏറ്റവും ഉള്ളിലുള്ള ഭാഗമായ നമ്മുടെ ആത്മാവ് ദൈവാലയത്തിന്റെ ഏറ്റവും ഉള്ളിലുള്ള ഭാഗമായ അതിവിശുദ്ധ സ്ഥലത്തോട് ഒത്തിരിക്കുന്നു.

നമ്മുടെ ഹൃദയത്തിൽ ചിന്തകളോടുകൂടിയ മനസ്സും ഉദ്ദേശ്യങ്ങളോടുകൂടിയ ഇച്ഛയും ഉണ്ട്. ചിന്തകൾ ഉദ്ദേശ്യങ്ങളെ ബാധിക്കുകയും, ഉദ്ദേശ്യങ്ങൾ ചിന്തകളെ നടപ്പിലാക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ജീവനുള്ള വചനത്തിന് നമ്മുടെ മനസ്സിലെ ചിന്തകളെയും നമ്മുടെ ഇച്ഛയിലെ ഉദ്ദേശ്യങ്ങളെയും വിവേചിച്ചറിയുവാൻ കഴിയും. എബ്രായ വിശ്വാസികൾ അവരുടെ രക്ഷയുടെ പ്രക്രിയയിൽ ചാഞ്ചാടുമ്പോഴുള്ള അവരുടെ ചിന്തകളും ഉദ്ദേശ്യങ്ങളും എന്തായിരുന്നുവെന്ന് തുറന്നുകാണിക്കുവാൻ ദൈവവചനത്തിൽനിന്നും എഴുത്തുകാരൻ ഉദ്ധരിച്ച മൂന്നും നാലും അധ്യായങ്ങളിലെ കാര്യങ്ങൾക്കു കഴിയും.

ദൈവത്തിന്റെ ജീവനുള്ള വചനം നമ്മിലേക്കു തുളച്ചുചെല്ലുന്നതിനെയും, നമ്മുടെ ആത്മാവിനെ നമ്മുടെ ദേഹിയിൽനിന്നും വേർവിടുവിക്കുന്നതിനെയും, നമ്മുടെ ഹൃദയത്തിലെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിക്കുന്നതിനെയും കുറിച്ച് എന്തുകൊണ്ടാണ് എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ 4:12-ൽ സംസാരിച്ചതെന്ന് ഇപ്പോൾ നമുക്കു മനസ്സിലാക്കുവാൻ കഴിയും. ചാഞ്ചാടുന്ന എബ്രായ ക്രിസ്ത്യാനികൾ അവരുടെ ദേഹിയിൽ അലഞ്ഞുതിരിയുന്നുവെന്നും അവരുടെ ആത്മാവിനെ അവഗണിച്ചുവെന്നും അവൻ മനസ്സിലാക്കി. എന്നാൽ പുതിയനിയമം നമ്മുടെ ദേഹിയിലുള്ള കാര്യമല്ല, തികച്ചും നമ്മുടെ ആത്മാവിലുള്ള കാര്യമാണ്. പുതിയനിയമം മൊത്തത്തിൽ സ്വർഗീയമാണ്, ഭൗമികമല്ല. ഭൗമിക കാര്യങ്ങൾ ഭൗതിക ശരീരത്തെയും മനസ്സിനെയും സംബന്ധിച്ചതാണ്.

യെഹൂദമതം ഭൗമികമാണ്. ഒരു ഭൗമിക മതമെന്ന നിലയിൽ, അതു നമ്മുടെ സ്വാഭാവിക മനസ്സിന്റെ ചിന്തയോടു യോജിക്കുന്നു. പുതിയനിയമം സ്വർഗീയവും ആത്മാവിനെ സംബന്ധിച്ചതുമാണ്. സ്വർഗീയ കാര്യങ്ങളെ സ്പർശിക്കണമെങ്കിൽ, നാം നമ്മുടെ ആത്മാവിലായിരിക്കണം. നാം ക്രിസ്തുവിനോടുകൂടെ സ്വർഗത്തിൽ ഇരിക്കുന്നുവെന്ന് എഫെസ്യർ 2:6 പറയുന്നു. എന്നാൽ നാം നമ്മുടെ മനസ്സിലാണെങ്കിൽ, നമുക്കൊരിക്കലും സ്വർഗത്തിലായിരിക്കുന്നത് അനുഭവിക്കുവാൻ കഴിയുകയില്ല. നമ്മുടെ മനസ്സിൽ ഭൂമിയിലെ വിവിധ സ്ഥലങ്ങൾ മാനസികമായി നാം സന്ദർശിച്ചേക്കാം, എന്നാൽ നമുക്ക് സ്വർഗത്തെ സ്പർശിക്കുവാൻ കഴിയുകയില്ല. സ്വർഗത്തെ സ്പർശിക്കുവാൻ നാം നമ്മുടെ ആത്മാവിൽ ആയിരിക്കണം.

യോഗങ്ങളിൽ ആർക്കുന്നു എന്നു പറഞ്ഞുകൊണ്ട് ചിലർ നമ്മെ വിമർശിക്കുന്നു, എന്നാൽ അനുഭവമുള്ളവരായ നമുക്ക് എന്തിനാണ് ആർക്കുന്നതെന്ന് അറിയാം. നാം ആർക്കുന്നില്ലെങ്കിൽ, നാം മനസ്സിൽ ആയിരിക്കും. അല്പസമയം ആർത്തതിനുശേഷം, നാം മനസ്സിൽനിന്നും ആത്മാവിലേക്കു തിരിഞ്ഞിരിക്കുന്നതുകൊണ്ട് നാം സ്വർഗങ്ങളിലാണ്. ഞാൻ എളുപ്പത്തിൽ ആവേശഭരിതനാകുന്ന ആളല്ലെങ്കിലും, ചിലപ്പോൾ എനിക്ക് ആർക്കേണ്ട ആവശ്യമുണ്ട്. ഞാൻ ആർക്കുന്നില്ലെങ്കിൽ, ഞാൻ സ്വയത്തിന്റെയും ന്യായവാദത്തിന്റെയും ആഴമുള്ള തടവറയിലായിരിക്കും. പൈശാചികമായ നമ്മുടെ വാദങ്ങളെ നമുക്കെങ്ങനെ തടയുവാൻ കഴിയും? കർത്താവിന് സ്തുതികൾ ഘോഷിക്കുന്നതിലൂടെ നമ്മുടെ ആത്മാവിനെ വിടുവിക്കുന്നതു മുഖാന്തരം കഴിയും. ഇടയ്ക്കിടെ, രാത്രിയിൽ ഉറങ്ങാൻ പ്രയാസപ്പെടുമ്പോൾ, ഞാൻ നിശബ്ദമായി ആർക്കുകയും എന്റെ ചിന്തകളിൽനിന്നും ഞാൻ മോചിതനാകുകയും പെട്ടെന്ന് ഞാൻ ഉറങ്ങുകയും ചെയ്യുന്നു. സ്വർഗത്തെ സ്പർശിക്കാനുള്ള ഏറ്റവും നല്ല മാർഗം ആർക്കുന്നതാണ്.

എബ്രായലേഖനത്തിൽ നമുക്ക് സ്വർഗത്തിന്റെ കവാടമുണ്ട്. ഈ പുസ്തകത്തിൽ നമുക്ക് സ്വർഗീയ ഗോവണിയായ ക്രിസ്തുവിനോടുകൂടെ ദൈവഭവനമായ ബെഥേൽ എന്ന സഭയുണ്ട്. ബെഥേൽ ഉള്ളിടത്തെല്ലാം, ഭൂമിയെ സ്വർഗത്തോടു യോജിപ്പിക്കുകയും സ്വർഗത്തെ ഭൂമിയിലേക്കു കൊണ്ടുവരുകയും ചെയ്യുന്ന സ്വർഗീയ ഗോവണിയായ ക്രിസ്തുവിനോടുകൂടെ സ്വർഗത്തിന്റെ കവാടമുണ്ട്. ഇങ്ങനെയുള്ള ഒരു അത്ഭുതകരമായ കാഴ്ച നമുക്ക് എവിടെ ആസ്വദിക്കുവാൻ കഴിയും? നമ്മുടെ ആത്മാവിൽ. ഇന്ന് സ്വർഗത്തിന്റെ കവാടം നമ്മുടെ ആത്മാവിനോട് യോജിപ്പിച്ചിരിക്കുന്നു. ഇന്ന് ഭൂമിയിലുള്ള ദൈവത്തിന്റെ നിവാസം നമ്മുടെ ആത്മാവിലാണെന്ന് എഫെസ്യർ 2:22-ഉം, സ്വർഗീയ

ഗോവണിയായ ക്രിസ്തു നമ്മുടെ ആത്മാവിനോടു കൂടെയാണെന്ന് 2 തിമൊഥെയൊസ് 4:22-ഉം പറയുന്നു. അങ്ങനെ, നമ്മുടെ ആത്മാവ് സ്വർഗത്തിന്റെ കവാടവുമായി ഒന്നാണ്. നാം ഇനി നമ്മുടെ മനസ്സിൽ ചാഞ്ചാടുകയല്ല, മറിച്ച് ദൈവഭവനവും, സ്വർഗീയ ക്രിസ്തുവും, സ്വർഗത്തിന്റെ കവാടവുമുള്ള നമ്മുടെ ആത്മാവിലേക്ക് പ്രവേശിക്കുകയാണു വേണ്ടത്.

ഇന്നത്തെ ലോകത്തിലെ സാംക്രമിക രോഗാണുക്കളാൽ ബാധിതരാകാതിരിക്കുക നമ്മുക്കെല്ലാവർക്കും വളരെ ബുദ്ധിമുട്ടാണ്. എന്നാൽ ലോകത്തിന്റെ രോഗാണുക്കളിൽനിന്നുള്ള രക്ഷയ്ക്കായി നമ്മുടെ ആത്മാവെന്ന ഒരു അഭയസ്ഥാനം നമുക്കുണ്ട്. ഒരർഥത്തിൽ, നമ്മുടെ ആത്മാവ് ഇന്നു നമ്മുടെ അഭയസ്ഥാനമാണ്; അത് ഉയർന്ന ഗോപുരമാണ്. കഴിഞ്ഞ ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ ആത്മാവിലുള്ള ദൈവത്തിന്റെ വാസസ്ഥലമാണ് സഭ എന്നുള്ളതുകൊണ്ട് സഭാജീവിതം നമ്മുടെ അഭയസ്ഥാനമാണ്. നാം കൊടുങ്കാറ്റടിക്കുന്ന സമുദ്രത്തിലായിരിക്കുമ്പോൾ, നിരവധി ചിന്തകൾ വരാം. നമുക്കെങ്ങനെ കൊടുങ്കാറ്റിനെ ഒഴിഞ്ഞുപോകുവാനും അഭയസ്ഥാനത്തിലേക്കു വരുവാനും കഴിയും? ആത്മാവിലേക്കു തിരിയുന്നതിലൂടെ മാത്രം. കിംവദന്തികളെയും പ്രതിലോമ സംസാരത്തെയും നമുക്കെങ്ങനെ നേരിടാനാകും? സഭയും, ദൈവഭവനവും, സ്വർഗീയ ഗോവണിയും ഉള്ളിടമായ നമ്മുടെ ആത്മാവിലേക്കു പ്രവേശിക്കുന്നതിലൂടെ മാത്രം. സഭ ഒരു ആശുപത്രിയാണ്. ആശുപത്രിയിൽ എല്ലാ രോഗാണുക്കളും കൊല്ലപ്പെടുകയും സകലവും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. അതുപോലെ, സഭയിൽ, എല്ലാ പൈശാചിക രോഗാണുക്കളും കൊല്ലപ്പെടുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭകൾ വളരെ ആരോഗ്യമുള്ളതാണ്. ആരോഗ്യമുള്ളതായിരിക്കുന്നതിന്, നാം നിരന്തരം നമ്മുടെ ആത്മാവിനെ അഭ്യസിപ്പിക്കണം. ചില പ്രതിലോമ ചിന്തകൾ നിങ്ങളെ ബാധിക്കുകയും നിങ്ങളുടെ മനസ്സിൽ തുടരുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ രോഗിയായിരിക്കും. എന്നാൽ നിങ്ങളുടെ ആത്മാവിലേക്കു തിരിയുന്നുവെങ്കിൽ, അണുക്കൾ കൊല്ലപ്പെടുകയും നിങ്ങൾ സഭാജീവിതത്തിൽ ആരോഗ്യവാനും ശക്തനുമായിരിക്കുകയും ചെയ്യും. എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എന്റെ പ്രിയപ്പെട്ട എബ്രായ സഹോദരന്മാരേ, ദൈവത്തിന്റെ ജീവനുള്ള വചനത്തിലൂടെ നിങ്ങളുടെ ദേഹിയിൽനിന്നും നിങ്ങളുടെ ആത്മാവിലേക്ക് നിങ്ങൾ തിരിയണം. ജീവനുള്ള വചനത്താൽ നിങ്ങൾ ആത്മാവിലേക്ക് തിരിയുന്നുവെങ്കിൽ, നിങ്ങൾ ആരോഗ്യവാന്മാരായിരിക്കുകയും, പ്രശ്നങ്ങളൊന്നും ഇല്ലാതിരിക്കുകയും

ചെയ്യും. സഹോദരന്മാരേ, നിങ്ങളുടെ ദേഹിയിൽ നിങ്ങൾ ചാഞ്ചാടുന്നു, നിങ്ങൾ ആത്മാവിലേക്കു പ്രവേശിക്കണം. ഒരിക്കൽ നിങ്ങൾ ആത്മാവിലേക്ക് കടന്നുകഴിഞ്ഞാൽ നിങ്ങൾ ദൈവഭവനത്തിലായിരിക്കുകയും സ്വർഗത്തിന്റെ കവാടത്തിലെ സകല സമ്പത്തും ആസ്വദിക്കുകയും ചെയ്യും."

വിശുദ്ധ വചനത്തിന്റെ ഈ ഭാഗം മനസിലാക്കുന്നത് എളുപ്പമല്ല, കാരണം അതിന് നമ്മുടെ ഭാഗത്തുനിന്ന് നല്ലൊരു അനുഭവത്തിന്റെ ആവശ്യമുണ്ട്. ദൈവത്തിന്റെ ജീവനുള്ള വചനത്തെക്കുറിച്ചും ദേഹിയെയും ആത്മാവിനെയും വേർതിരിക്കുന്നതിനെക്കുറിച്ചുമുള്ള എഴുത്തുകാരന്റെ പെട്ടെന്നുള്ള പരാമർശത്താൽ ഞാൻ വർഷങ്ങളായി അസ്വസ്ഥനായിരുന്നു. അതു മനസിലാക്കുവാൻ എനിക്കു കഴിഞ്ഞില്ല. ഒടുവിൽ, ഞാൻ എന്റെ അനുഭവത്തെ പരിഗണിച്ചു. സഭയുമായി നമുക്ക് പ്രശ്നങ്ങളുണ്ടാകുമ്പോഴെല്ലാം അത് എല്ലായ്പ്പോഴും നമ്മുടെ മനസ്സിലെ ചിന്തകൾ നിമിത്തമാണെന്നു ഞാൻ തിരിച്ചറിഞ്ഞു. അങ്ങനെ, നമ്മുടെ ആത്മാവിൽനിന്നും നമ്മുടെ ദേഹിയെ വേർതിരിച്ചുകൊണ്ട് നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിലേക്ക് തുളച്ചുചെല്ലുന്നതിന് ജീവനുള്ള വചനം നമുക്കാവശ്യമാണ്. അപ്പോൾ നാം പൈശാചികമായ ദേഹിയോടുകൂടെ നിൽക്കാതെ സ്വർഗീയമായ ആത്മാവിനോടുകൂടെ നിൽക്കും. നാം ഇതു ചെയ്യുമെങ്കിൽ, നാം സഭാജീവിതത്തിലാണെന്ന് പെട്ടെന്നു കണ്ടെത്തും.

സഭാജീവിതത്തിലുള്ള എല്ലാവർക്കും സഭയുമായി ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു മൂപ്പനെയോ ഒരു സഹോദരനെയോ സഹോദരിയെയോ, അവർ അയോഗ്യരെന്നോ വളരെ കർക്കശക്കാരെന്നോ വളരെ ഉറക്കെ സംസാരിക്കുന്നുവരെന്നോ ചിന്തിച്ചുകൊണ്ട് നാം അവരെ ഇഷ്ടപ്പെടുന്നുണ്ടാവില്ല. അങ്ങനെയുള്ള ചിന്തകളിൽനിന്നും നമ്മെ രക്ഷിക്കുവാൻ എന്തൊന്നിനാൽ കഴിയും? നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിലേക്കു തുളച്ചുചെല്ലുകയും നമ്മുടെ മനസ്സിൽനിന്നും നമ്മുടെ ആത്മാവിനെ വേർതിരിക്കുകയും ചെയ്യുന്ന ജീവനുള്ള വചനത്തിനു കഴിയും. പൈശാചികമായ നമ്മുടെ മനസ്സ് തുറന്നു കാട്ടപ്പെടുമ്പോൾ, എല്ലാ സഹോദരന്മാരും സഹോദരിമാരും ആത്മാവിൽ വളരെ ഭംഗിയുള്ളവരായതുകൊണ്ട് നാം അവരെ സ്നേഹിക്കുന്നുവെന്നു പ്രഖ്യാപിക്കും. സഹോദരീസഹോദരന്മാരെക്കുറിച്ചു ചിന്തിച്ചുകൊണ്ട് നാം നമ്മുടെ മനസ്സിലായിരിക്കുമ്പോൾ, അവരൊന്നും ഭംഗിയുള്ളവരല്ല. നാം മാത്രമാണ് നല്ലവർ എന്ന് നാം ചിന്തിക്കുന്നു. നാം സഭാജീവിതത്തിൽ ആയിരിക്കേണ്ടതിന് നമ്മുടെ ദേഹിയെ നമ്മുടെ ആത്മാവിൽനിന്നും വേർതിരിക്കുവാൻ ജീവനുള്ള വചനം നമുക്ക് എത്രത്തോളം ആവശ്യമാണ്! ഇന്നത്തെ

ശബ്ബത്തിൻ വിശ്രമത്തിലേക്കു പ്രവേശിക്കാനുള്ള വഴി ഇതാണ്. ശബ്ബത്തിൽ തുടരുവാനും അതിനെ ലംഘിക്കാക്കാതിരിക്കാനുമുള്ള മാർഗവും ഇതാണ്. ശബ്ബത്തിനെ ലംഘിക്കുകയെന്നാൽ സഭാജീവിതം ഉപേക്ഷിക്കുക എന്നാണ്. ഇന്നത്തെ ശബ്ബത്ത് ഉപേക്ഷിച്ച് സഭാജീവിതം വിട്ടുപോയവർക്ക്, സഭയ്ക്കു പുറത്ത് യാതൊരു വിശ്രമവുമില്ലെന്ന് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ആത്മാവിലാണ് നാം സഭയിൻ ശബ്ബത്തിന്റെ വിശ്രമം ആസ്വദിക്കുന്നത്. ഇതുകൊണ്ടാണ് 4:12 എബ്രായലേഖനത്തിൽ അത് ആയിരിക്കുന്നിടത്ത് വച്ചിരിക്കുന്നത്.

ദൈവത്തിന്റെ ജീവനുള്ള വചനംപോലെ മറ്റൊന്നിനും നമ്മുടെ ഹൃദയത്തിലെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിച്ചറിയുവാൻ കഴിയുകയില്ല. ജീവനുള്ള വചനം കടന്നുവരുന്നതിനുമുമ്പ്, നാം ശരിയാണെന്നും പൂർണമായും കർത്താവിനുവേണ്ടിയുള്ളവരാണെന്നും ചിന്തിക്കുന്നു. എന്നാൽ വചനം നമ്മുടെ ആഴങ്ങളെ തുളയ്ക്കുമ്പോൾ, നമ്മുടെ ചിന്തകളും ഉദ്ദേശ്യങ്ങളും മൊത്തത്തിൽ സ്വാർഥമാണെന്ന് നാം കാണുകയും നമ്മെ വിധിക്കുകയും ചെയ്യുന്നു. നമ്മുടെ ചിന്തകളെയും ഉദ്ദേശ്യങ്ങളെയും വിവേചിക്കുന്ന ജീവനുള്ള വചനമില്ലാതെ, സഭയിൻ ശബ്ബത്തിൽ തുടരുന്നത് പ്രയാസമാണ്. സഭയിൻ ശബ്ബത്ത് ദൈവത്തിന്റെ ജീവനുള്ള വചനത്തിന്റെ തുളച്ചുചെല്ലലിലും വേർതിരിക്കലിലും വിവേചനത്തിലും ആശ്രയിച്ചിരിക്കുന്നു. ഇതിനാലാണ് നാം സഭാജീവിതത്തിന്റെ ശബ്ബത്തിലേക്കു പ്രവേശിക്കുകയും നിലനിൽക്കുകയും അതിനെ കാക്കുകയും ചെയ്യുന്നത്.